# ഇൻഫർമേഷൻ കേരള മിഷൻ

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി. ഒ, തിരുവനന്തപുരം – 695 003

## എക്സിക്യൂട്ടിവ് ഡയറക്ടറുടെ നടപടിക്രമം

**സാന്നിദ്ധ്യം- ഡോ.ചിത്ര.എസ് ഐഎഎസ്, എക്സിക്യൂട്ടിവ് ഡയറക്ടർ**

**സംഗ്രഹം**

വിഷയം:-ഇൻഫർമേഷൻ കേരള മിഷൻ - ജീവനക്കാര്യം – കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള മുൻകരുതൽ - ഐ.കെ.എം ഹെഡ്ക്വാട്ടേഴ്സിലെ ജീവനക്കാരുടെ ജോലിസമയം, ഹാജർ എന്നിവ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

നമ്പർ.942/ഇഡി/2020/ഐ.കെ.എം 25.03.2020

---

## ഉത്തരവ്

പരാമർശം:- 22.03.2020 ലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നമ്പർ.942/ഇ.ഡി/2020/ ഐ.കെ.എം നമ്പർ ഉത്തരവ്.

കോവിഡ്-19 സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനുള്ള മുൻകരുതലിന്റെ ഭാഗമായി സാധാരണ ആഫീസ് ജോലികൾക്ക് തടസ്സം വരാത്ത രീതിയിൽ ഐ.കെ.എം ഹെഡ്ക്വാട്ടേഴ്സ് ജീവനക്കാരിൽ 50 ശതമാനം പേർ വീതം ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രം ജോലിക്ക് ഹാജരായാൽ മതിയാകുമെന്ന് പരാമർശ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ മാറ്റം വരുത്തി പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഐ.കെ.എം ഹെഡ്ക്വാട്ടേഴ്സിലെ എല്ലാ ടെക്നിക്കൽ / ഭരണ വിഭാഗം ജീവനക്കാരും ഇനി ഒരു സർക്കാർ നിർദ്ദേശം വരുന്നത് വരെ വീട്ടിലിരുന്ന് ജോലി ചെയ്യാൻ തയ്യാറായിരിക്കേണ്ടതാണ്.
2. സർക്കാർ ആവശ്യപ്പെടുന്ന അടിയന്തിര റിപ്പോർട്ടുകളും മറ്റും സോഫ്റ്റ്വെയർ, ടെക്നിക്കൽ സപ്പോർട്ട് എന്നീ വിഭാഗങ്ങളിൽ നിന്നും നൽകുന്നതിനായി വകുപ്പ് തലവൻ / ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) / ടീം ലീഡർമാർ എന്നിവർ ആവശ്യപ്പെടുന്ന പക്ഷം പ്രസ്തുത ജീവനക്കാർ മാത്രം ഓഫീസിൽ ഹാജരായാൽ മതി. ആയതിൽ വീടുകളിൽ ഇരുന്ന് ചെയ്യാൻ കഴിയുന്നവയാണെങ്കിൽ ആയത് വീട്ടിൽ ഇരുന്ന് ചെയ്യുന്നതിനും, ഇങ്ങനെ ചെയ്യാൻ കഴിയാത്തവ ഓഫീസിൽ വന്ന് ചെയ്ത് നൽകേണ്ടതുമാണ്.

3. അഡ്മിനിസ്ട്രേഷൻ, ഫിനാൻസ്, പ്ലാൻ ആന്റ് പർച്ചേസ് എന്നീ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് അടിയന്തിരമായി ചെയ്യേണ്ട വിഷയങ്ങൾ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ / അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / ഫിനാൻസ് ഓഫീസർ / പർച്ചേസ് ഓഫീസർ എന്നിവർ ആവശ്യപ്പെടുന്ന പക്ഷം പ്രസ്തു ജീവനക്കാർ മാത്രം ഓഫീസിൽ ഹാജരായാൽ മതി. ആയതിൽ വീടുകളിൽ ഇരുന്ന് ചെയ്യാൻ കഴിയുന്നവയാണെങ്കിൽ ആയത് വീട്ടിൽ ഇരുന്ന് ചെയ്യുന്നതിനും, ഇങ്ങനെ ചെയ്യാൻ കഴിയാത്തവ ഓഫീസിൽ വന്ന് ചെയ്ത് നൽകേണ്ടതുമാണ്.

(ഒപ്പ്)
**ഡോ.ചിത്ര എസ് ഐഎഎസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ ഹെഡ്ക്വാട്ടേഴ്സ് ജീവനക്കാർക്കും
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഫിനാൻസ് ഓഫീസർ
പർച്ചേസ് ഓഫീസർ

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ
കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ സി എ
ഫയൽ കോപ്പി /നോട്ടീസ് ബോർഡ്